# നാളികേര വികസന ബോർഡ് നീര വിപണിയിലിറക്കി

കൊച്ചി: നാളികേര വികസന ബോർഡ് വികസിപ്പിച്ച നീര വിപണിയിൽ ഇറക്കി. ബോർഡ് സ്വന്തം ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കുന്ന നീര ആകർഷകമായ 200 മി ഹ ബോട്ടിലുകളിൽ ലഭ്യമാണ്. നീരയുടെ ലോഞ്ചിംഗ് വ്യാഴാഴ്ച വൈകിട്ട് 3.30ന് മുൻ അഡീഷണൽ ചീഫ് സെക്രട്ടറി (തമിഴ്നാട്) പി. സി. സിറിയക് ഐ.എ.എസ്. (റിട്ട.) എറണാകുളം റസിഡൻസ് അസോസിയേഷൻ അപ്പെക്സ് കൗൺസിൽ മുൻ പ്രസിഡന്റ് എസ്. ബാലകൃഷ്ണന് നൽകിക്കൊണ്ട് നിർവ്വഹിച്ചു. നാളികേര വികസന ബോർഡിന്റെ കൊച്ചി ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ചെയർമാൻ ടി. കെ. ജോസ് ഐ.എ.എസ്, എസ്.ആർ.വി. ഹൈസ്ക്കൂൾ പ്രിൻസിപ്പാൾ ജിജോ ജോൺ എന്നിവർ സന്നിഹിതരായിരുന്നു.

നാളികേര വികസന ബോർഡിന്റെ വാഴക്കുളത്തുള്ള സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (സിഐറ്റി)യിൽ സംസ്ക്കരിച്ച നീരയാണ് വിപണിയിലിറക്കിയത്. ബോർഡ് ആസ്ഥാനത്തെ സിഡിബി നാഫെഡ് സ്റ്റാളിൽ നീര ലഭ്യമായിരിക്കും.



നീരയുടെ ലോഞ്ചിങ് മുൻ അഡീഷണൽ ചീഫ് സെക്രട്ടറി (തമിഴ്നാട്) പി.സി സിറിയക്, എറണാകുളം റസിഡന്റ്സ് അസോസിയേഷൻ അപ്പെക്സ് കൗൺസിൽ മുൻ പ്രസിഡന്റ് എസ്. ബാലകൃഷ്ണന് നൽകി നിർവഹിക്കുന്നു. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ ജോസ്, എസ്.ആർ.വി ഹൈസ്കൂൾ പ്രിൻസിപ്പാൾ ജിജോ ജോൺ, മുഖ്യ നാളികേര വികസന ഓഫീസർ സുഗതാ ഘോഷ്, സി ഡി ബി സെക്രട്ടറി എ.കെ നന്തി എന്നിവർ സമീപം.